'5889280

പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:T 2067 06.02.2019- ൽ മറുപടിയ്ക്ക്

## കേന്ദ്രസർക്കാർ പദ്ധതി പ്രകാരമുള്ള വീടുകൾ

| ചോദ്യം<br>ശ്രീ.ഒ.രാജഗോപാൽ | | മറുപടി<br>പിണറായി വിജയൻ (മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | 2018 ആഗസ്റ്റ് മാസത്തിലെ പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച് നൽകുവാൻ അനുമതി ലഭിച്ചിട്ടുള്ള വീടുകളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ; | (എ) | ഗ്രാമപ്രദേശങ്ങളിൽ പി.എം.എ.വൈ (ഗ്രാമീൺ) പദ്ധതി പ്രകാരവും നഗരപ്രദേശങ്ങളിൽ പി.എം.എ.വൈ (നഗരം) പദ്ധതി പ്രകാരവുമാണ് കേന്ദ്രസർക്കാർ ഭവനനിർമ്മാണ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരുന്നത്. 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ തകർന്ന<br>12477 വീടുകൾ പി.എം.എ.വൈ (ഗ്രാമീൺ) പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള പ്രപ്പോസൽ കേന്ദ്രസർക്കാരിന് നൽകിയിട്ടുണ്ടെങ്കിലും ആയതിനുള്ള അനുമതി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. പ്രളയവുമായി ബന്ധപ്പെട്ട് പി.എം.എ.വൈ (നഗരം) പദ്ധതിയിൽ ഉൾപ്പെടുത്തി 1305 വീടുകളുടെ നിർമ്മാണം നടത്തുന്നതിന് Central Sanctioning & Monitoring Committee മുമ്പാകെ പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് അനുമതി നൽകിക്കൊണ്ടുള്ള അറിയിപ്പുകൾ ഒന്നും കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. |
| (ബി) | ഏതെല്ലാം സർക്കാരിതര സംഘടനകൾ വീട് നിർമ്മിച്ച് നൽകുവാൻ തയ്യാറായി സർക്കാരിനെ സമീപിച്ചിട്ടുണ്ട്. ഇതിൽ നിർമ്മാണം പൂർത്തിയായ വീടുകൾ എത്ര, നിർമ്മാണത്തിൽ ഇരിക്കുന്നവ എത്ര, വിശദമാക്കാമോ? | (ബി) | പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ സർക്കാരിതര സംഘടനകൾ വീട് നിർമ്മിച്ച് നൽകുവാൻ തയ്യാറായി സമീപിക്കുകയും നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

Nilam...

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമനം. | ജില്ല | വീട് നിർമ്മിച്ച് നൽകാൻ തയ്യാറായ സർക്കാരിതര സംഘടനകൾ | നിർമ്മാണം പൂർത്തിയായ വീടുകളുടെ എണ്ണം | നിർമ്മാണത്തിലിരിക്കുന്ന വീടുകളുടെ എണ്ണം | ആകെ വീടുകൾ |
|---|---|---|---|---|---|
| 1 | പത്തനംതിട്ട | മുത്തൂറ്റ് ഗ്രൂപ്പ് (ചിറ്റാർ ഗ്രാമപഞ്ചായത്ത്) | 10 | 0 | 10 |
| 2 | പത്തനംതിട്ട | സ്വകാര്യ വ്യക്തി (കടപ്ര ഗ്രാമപഞ്ചായത്ത്) | 1 | 0 | 1 |
| 3 | പത്തനംതിട്ട | സേവാഭാരതി (ചെറുകോൽ ഗ്രാമപഞ്ചായത്ത്) | 1 | 0 | 1 |
| 4 | പത്തനംതിട്ട | കോ-ഓപ്പറേറ്റീവ് സൊസൈറ്റി റാന്നി (ചെറുകോൽ ഗ്രാമപഞ്ചായത്ത്) | 1 | 0 | 1 |
| 5 | പത്തനംതിട്ട | മുത്തൂറ്റ് ഗ്രൂപ്പ് (അയിരൂർ) | 10 | 0 | 10 |
| 6 | പത്തനംതിട്ട | സെന്റ്തോമസ് മാർത്തോമ ചർച്ച് കാരയ്ക്കൽ (പെരിങ്ങര ഗ്രാമപഞ്ചായത്ത്) | 2 | 0 | 2 |
| 7 | പത്തനംതിട്ട | ആറന്മുള്ള ഗ്രാമപഞ്ചായത്ത്: എഴിക്കാട് ഡിസിസി (വാർഡ്-16) | 1 | 0 | 1 |
| | | ഓർത്തഡോക്സ് സഭ (വാർഡ്-10 ട്രസ്റ്റ്) | 3 | 0 | 3 |
| | | പെൻഷനേഴ്സ് അസോസിയേഷൻ (വാർഡ്- 11) | 1 | 0 | 1 |
| 8 | പത്തനംതിട്ട | MACFAST തിരുവല്ല നാഷണൽ സർവ്വീസ് സ്കീം (അരുവാപ്പുലം ഗ്രാമപഞ്ചായത്ത്) | 1 | 0 | 1 |
| 9 | ആലപ്പുഴ | റാംമോജി റാവു ഫിലിം സിറ്റി (കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്) | 2 | 0 | 2 |
| ആകെ | | | 33 | 0 | 33 |

സെക്ഷൻ ഓഫീസർ